Clean Kerala Company Limited
A Government of Kerala Undertaking

നം. PA/554/CKCL/TVM/2023 തിരുവനന്തപുരം, 20/02/2024

**<u>ക്ലീൻ കേരള കമ്പനി ആലപ്പുഴ ജില്ലാ ഗോഡൗണുകളുടെ പ്രവർത്തന പരിപാലനത്തിനായി ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.</u>**

ക്ലീൻ കേരള കമ്പനി ആലപ്പുഴ ജില്ലയിൽ അജൈവ പാഴ്‌വസ്തുക്കളുടെ പരിപാലനത്തിനായി പ്രവർത്തിപ്പിക്കുന്ന 20,000 സ്ക്വ.ഫീറ്റ് ഗോഡൗൺ പിപിപി (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) മോഡലിൽ എടുത്ത് പ്രവർത്തന പരിപാലനം നടത്തുന്നതിന് താൽപര്യമുള്ള ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. താൽപര്യമുള്ള ഏജൻസികൾ സ്ഥാപനത്തിന്റെ പൂർണ്ണമായ വിവരങ്ങൾ, പ്രവർത്തി പരിചയം, പ്രവർത്തന പരിപാലന രീതി എന്നിവ കൃത്യമായി വിശദീകരിക്കുന്ന താൽപര്യപത്രം സീൽ ചെയ്ത കവറിൽ 27.02.2024 തീയ്യതി വൈകുന്നേരം 5 മണിക്ക് മുമ്പായി താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.(വിശദവിവരങ്ങൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്).

വിലാസം: ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്
TC .29/1732
വഴുതക്കാട്, തിരുവനന്തപുരം
പിൻ കോഡ് 695010

കൂടുതൽ വിവരങ്ങൾക്ക് :

Office No : 0471 2724600
MAIL ID : cleankeralacompany@gmail.com

CLEAN KERALA COMPANY LIMITED
THIRUVANANTHAPURAM

മാനേജിംഗ് ഡയറക്ടർ
ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

**ക്ലീൻ കേരള കമ്പനി ഗോഡൗണുകളുടെ പ്രവർത്തനം ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിഷ്ക്രിയ മാലിന്യത്തിൽ ഉൾപ്പെടുത്തി ശേഖരിക്കുന്ന തരംതിരിക്കാത്ത പാഴ്‌വസ്തുക്കൾ തരംതിരിച്ച പാഴ് വസ്തുക്കൾ എന്നിവ ഗോഡൗണുകളിൽ എത്തിക്കാവുന്നതാണ്.
2. തരംതിരിക്കാത്ത പാഴ്‌വസ്തുക്കൾ ഗോഡൗണിൽ തരംതിരിക്കൽ പ്രക്രിയക്ക് വിധേയമാക്കാവുന്നതാണ്.
3. തരംതിരിവിലൂടെ ലഭിക്കുന്ന പുന:ചംക്രമണയോഗ്യമായ പാഴ്‌വസ്തുക്കൾ ഏജൻസിക്ക് വിപണനം നടത്താവുന്നതാണ്.
4. തരംതിരിച്ച പാഴ്‌വസ്തുക്കൾ ബെയിൽ ചെയ്ത് വിപണനം നടത്താവുന്നതാണ്.
5. വസ്തുക്കൾ ബെയിൽ ചെയ്തോ അല്ലാതെയോ സിമന്റ് ഫാക്ടറികളിലേക്ക് ടി ഏജൻസിക്ക് (അതിനുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിൽ) കൈമാറാവുന്നതാണ്.
6. നിഷ്ക്രിയ മാലിന്യങ്ങൾ സിമന്റ് ഫാക്ടറികൾക്ക് കൈമാറുന്നതിന് ഒരു കിലോഗ്രാമിന് തുക നിശ്ചയിച്ച് ഏജൻസിക്ക് നൽകാവുന്നതാണ്. ഏജൻസിക്ക് ടി സംവിധാനം ഇല്ലായെങ്കിൽ കമ്പനിക്ക് നേരിട്ട് മറ്റ് ഏജൻസികൾ മുഖാന്തിരം സിമന്റ് ഫാക്ടറികളിലേക്ക് കൈമാറാവുന്നതാണ്.(ആവശ്യമെങ്കിൽ പാഴ് വസ്തുക്കൾ ബെയിൽ ചെയ്ത് നൽകുന്നതിനുള്ള തുക ഏജൻസിക്ക് നൽകാവുന്നതാണ്.
7. ഗോഡൗണിൽ ആവശ്യാനുസരണം തൊഴിലാളികളെ ഏർപ്പെടുത്തി കൂലി, മറ്റ് ചിലവുകൾ വഹിക്കേണ്ട ഉത്തരവാദിത്വം ഏജൻസിക്കായിരിക്കും.
8. ഗോഡൗണിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, മെഷീനുകൾ (ആവശ്യമെങ്കിൽ) വൈദ്യുതി, വെള്ളം, ശുചിമുറി എന്നിവ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം കമ്പനിക്കാണ്.
9. ഗോഡൗണിൽ വൈദ്യുതി, വെള്ളം ഇനത്തിൽ ഉണ്ടാകുന്ന ചാർജുകൾ പിപിഇ കിറ്റ്, തൊഴിലാളികളുടെ വേതനം, മറ്റ് ചെലവുകൾ എന്നിവ വഹിക്കേണ്ട ഉത്തരവാദിത്വം ഏജൻസിക്കാണ്.
10. ഗോഡൗൺ പ്രവർത്തിപ്പിക്കുന്ന ഏജൻസിക്ക് പുന:ചംക്രമണയോഗ്യമായ പാഴ് വസ്തുക്കൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കമ്പനിക്ക് വേണ്ടി ശേഖരിച്ച് വിപണനം നടത്തുന്നതിന് ഗോഡൗൺ സൗകര്യം ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനായി തരംതിരിച്ച് പാഴ്‌വസ്തുക്കൾക്ക് കമ്പനി നിശ്ചയിച്ചിട്ടുള്ള തുക ഓരോ ആഴ്ചയിലും അടക്കേണ്ടതാണ്.
11. ഗോഡൗണുകൾ പ്രർത്തന പരിപാലനവുമായി ബന്ധപ്പെട്ട് കമ്പനി നിശ്ചയിക്കുന്ന കരാർ വ്യവസ്ഥകൾ പാലിക്കുന്നതിന് ഏജൻസിക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്.

12. ഏജൻസികളുടെ ഈ മേഖയിലുള്ള പ്രവർത്തന പരിചയം കണക്കിലെടുത്തു മാത്രമെ ഗോഡൗൺ പരിപാലനത്തിനായി പരിഗണിക്കൂ.
13. ഗോഡൗണിൽ എത്തുന്നതും, വിപണനം നടത്തുന്നതും, സംസ്ക്കരണത്തിന് നൽകുന്നതുമായ പാഴ്‌വസ്തുക്കളുടെ കണക്കുകൾ കൃത്യമായും ഗോഡൗണിൽ സൂക്ഷിക്കേണ്ടതും ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ക്ലീൻ കേരള കമ്പനി ഓഫീസ് സംവിധാനവും ഗോഡൗണിൽ പ്രവർത്തിക്കേണ്ടതാണ്.
14. വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന ഗോഡൗണുകളുടെ പ്രതിമാസ വാടക യിനത്തിൽ ഒരു നിശ്ചിത ശതമാനം തുക പ്രവർത്തനം ഏറ്റെടുക്കുന്ന മാസം മുതൽ കരാർ കാലാവധി അവസാനിക്കുന്നതുവരെ കരാർ വ്യവസ്ഥകൾക്കു വിധേയമായി നൽകേണ്ടതാണ്.
15. പ്രവർത്തന പരിപാലന കരാറിൽ ഏർപ്പെടുന്നതിനായി 6 ലക്ഷം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതാണ്.
16. ഗോഡൗണിന്റെ പ്രവർത്തനത്തിന് സഹായകരമാകുന്ന മെഷിണറികൾ ഏജൻസിക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ സ്ഥാപിക്കാവുന്നതാണ്.

20/2/24

മാനേജിംഗ് ഡയറക്ടർ
ക്ലീൻ കേരള കമ്പനി ലിമിറ്റഡ്